# വൈദേഹിയെ വഹിച്ച വൈദേഹികൻ

**[ഡോ. ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**നോക്കൂ,** എക്സ്-റേ പടം!
ആദ്യമായ് കാണുന്ന അസ്ഥികൂടം –
മാംസളതയിലെ ദാഹക്കുടിനീർ
ഊറ്റിയുറുഞ്ചിയ ചർമ്മാവരണം,
ഉള്ളിൽ അടയാളവാക്യം മന്ത്രിക്കുന്ന
ആന്തരയന്ത്രത്തിലെ സാങ്കേതികത
പരസ്പരം മത്സരിച്ച് പന്തയം:
കരൾ, ശ്വാസകോശം, വൃക്ക,
വാങ്ങി വായിച്ചു വലിച്ചെടുത്ത
ആശയുണർത്തുന്ന ആമാശയം.

**ഇടത്ത്** തെന്നിമാറിയ ഹൃദയം,
ഇടുപ്പെല്ല് താങ്ങുന്ന ജീവവാഹിനി,
ഉമിനീരിലെ ജൈവജീവനാംശപ്പങ്ക്
ചുണ്ടു കോർത്ത കവാട നിണം,
മാനഹാനി ഭയന്നടച്ച കൺക്കുണ്ട്,
ഇന്ദ്രിയങ്ങൾ ശവക്കുഴികളാകുന്ന
ദ്വാരപാലകരില്ലാത്ത ബഹുതുറസ്സ്,
പടത്തിലെ കറുത്ത പാടായ ശബ്ദനാളം,
കണിശം തുറന്നടയുന്ന തിരശ്ശീലയില്ലാത്ത
അരങ്ങിലെ അരികിലൂടെ നടനവേദിയിൽ
വായുഭക്ഷണമാക്കിയ ഗതാഗതനിയന്ത്രകൻ,
കവരത്തിലൊളിയാത്ത ഗുപ്തജ്ഞാനം,
വായുമലിനീകരണ ഉച്ഛിഷ്ടത്തുളകൾ.

**ഇടവഴിയിൽ** അപകടം മണക്കുന്ന
ചാരിനിറുത്തിയ ചീർത്ത "രണ്ടെല്ലും"
ഇടയിൽ പുച്ഛത്തോടെ "തലയോട്ടി"യും
മേഘപടലമായ് ദ്രവിച്ചു പടർന്ന
എക്കലടിഞ്ഞ് സാന്ദ്രമായ ശീർഷത്തിൽ
കുനുകുനെ പിണഞ്ഞ നിഴലായ്
ആഗോളവ്യാപന വ്യാപാരവല.

**ഇരിക്കാം** ഇനി:
റെസ്റ്റോറന്റിലെ ഒഴിമൂലയിൽ
വെളിച്ചം മങ്ങിയ മന്ദനീലിമയിൽ
മരണക്കിണറിലെ കൂറുമാറ്റക്കഥ
ഖണ്ഡശ:നോവലിലെ നോവുനീരായ്
നാൽക്കണ്ണുകൾ ചില്ലുഗ്ലാസ്സു വലയത്തിൽ
മുത്തിമുത്തിയിരക്കുന്ന ഭിക്ഷാംദേഹി
കളിക്കവിടികൾ മലർന്നു വീഴുന്ന
കുളിക്കടവിലെ അടിവസ്ത്രങ്ങൾ
കണിയാന്റെ ചേർച്ച വിളംബരത്തിന്റെ
തത്രപ്പാട് മറന്ന് കുളിച്ചു തോർത്തിയ
നീണ്ടു നിവർന്ന് വഴങ്ങുന്ന ചട്ടക്കൂട്ടിൽ
ചിത്രക്കടലാസ്സിലെ നാരുബ്രഷുചലനം
മജ്ജയും മാംസവും കുത്തിനിറച്ച്
മുജ്ജന്മ പൈതൃകം ഘോഷിക്കുന്ന
നുണക്കവിതയിലെ താളഭംഗം പോലെ
കണ്ഠക്കുരുക്ക് അരുതെന്നു ചൊല്ലുന്ന
അന്ത്യവാചക വിടപറച്ചിൽ രംഗം
വെട്ടിത്തിരുത്തിയ കയ്യെഴുത്തുപ്രതിയുടെ
വർണ്ണവൈവിദ്ധ്യ മാസ്മരച്ചെപ്പിൽ
എണ്ണക്കടലാസ്സിലെ വെണ്ണപോലെ
ചരക്കു മാത്രം മാറിമാറിവരുന്ന
ജീവൽക്കച്ചോട ഗുണകക്കവലയിൽ
വീണ്ടും കണ്ണിണകൾ ഇടയാത്ത
അധികവായനയ്ക്കിരിക്കാം.
**********************************************************************